*അടക്കം ചെയ്യപ്പെട്ട നിശ്ശബ്ദത*
*പുറത്തു ചാടി*
*കാഴ്ചകളുടെ ഘോഷയാത്ര നടത്തുന്നു.*

# റസിഡന്റ് എഡിറ്റർ

പുണ്യതീർഥസ്വാമികളുടെ പത്രത്തിലെ ഒരിടത്തരം റിപ്പോർട്ടറായിരുന്നു വെങ്കടേശ അയ്യങ്കാർ. നഗരത്തിലെ മജിസ്ട്രേട്ടുകോടതികൾ ചുറ്റി കുറ്റവും ശിക്ഷയും കണ്ടെത്തുക, സന്ധ്യക്കു മാമ്പലത്തു കയ്യാങ്കളി ശാസ്ത്രികൾ നടത്തുന്ന രാമരാവണയുദ്ധം എന്ന പ്രഭാഷണപരമ്പരയെക്കുറിച്ച് നിത്യവും പത്രത്തിൽ അരക്കോളം എഴുതുക എന്നീ മെയ്യനങ്ങാവേലകളായിരുന്നു അയ്യങ്കാരുടെ സാഹിത്യപ്രവർത്തന പരിധിക്കകം.

എത്രയോ വർഷം വ്യാഴവട്ടസ്മരണകൾ എഴുതിയിട്ടും താൻ ചീഫ് റിപ്പോർട്ടറാവുന്നില്ലെന്നു കണ്ടപ്പോൾ വെങ്കടേശനു കുണ്ഠിതമായി. സഹിക്കവയ്യാതായത് പുറകെ വന്നവർ തന്റെ തലയ്ക്കുമുകളിലൂടെ പോയി റിപ്പോർട്ടേഴ്സ് ഇൻ ചീഫ് ആയി അരിയിട്ടു വാഴ്ത്തപ്പെട്ടപ്പോളാണ്.

അങ്ങനെ വെങ്കടേശൻ മനംനൊന്തിരിക്കുമ്പോൾ ലാൽ ബഹദൂർ ശാസ്ത്രി പ്രധാനമന്ത്രിയായി. വെങ്കടേശന്റെ ഭാഗ്യത്തിന് അധികം താമസിയാതെ ശാസ്ത്രിജി നഗരത്തിൽ വന്നു. അതൊരവസരമായിരുന്നു. എ ഗ്രെയ്റ്റ് ഒക്കേഷൻ. ഇന്ത്യാ പ്രധാനമന്ത്രിയെ ലാൽ-ബഹാദൂർശാസ്ത്രികൾ എന്നു വിശേഷിപ്പിച്ച് അയ്യങ്കാർ അദ്ദേഹത്തിന്റെ പരിപാടികൾ 'കവർ' ചെയ്തു.



പത്രസ്വാമിക്കു ബഹുസന്തോഷമായി. മുൻകൂറായി ഒരിൻക്രിമെന്റ് കൊടുത്ത് അദ്ദേഹം വെങ്കടേശനെ പ്രോത്സാഹിപ്പിച്ചു.

ആറുമാസത്തേക്ക് അയ്യങ്കാർ സന്തോഷവാനായി കാണപ്പെട്ടു. അതുകഴിഞ്ഞപ്പോൾ കുണ്ഠിതം തിരികെ വന്നു.

അവസാനം ഒരു തീരുമാനത്തിലെത്തി. പത്രസ്വാമിയെ രാവിലെ വീട്ടിൽ ചെന്നു കാണുക, പറയുക.

അടിയന്തിരമാ ചീഫ്റിപ്പോർട്ടറായി പ്രമോഷൻ വേണം. ഇല്ലെന്നാൽ രാജിവയ്ക്കുന്നു. മന്ദിക്കണം.

പിറ്റേന്നു കാലത്ത് തിരുപ്പതി തമ്പുരാന്റെ വിഗ്രഹത്തെ പൂജിച്ച് വെങ്കടേശൻ പത്രസ്വാമിയുടെ വസതിയിൽ ചെന്നു. ആ സ്വാമി മുകളിലാണെന്നു ഭൃത്യൻ വാൾദൊരൈസ്വാമി പറഞ്ഞു.

കോണി കയറാൻ വെങ്കടേശൻ തളത്തിൽ കടന്നപ്പോളാണ് കൂറ്റൻ അൾസേഷ്യൻപട്ടി കോണിയുടെ പിന്നിൽനിന്നു നിരായുധന്റെ നേർക്കു കുരച്ചുചാടുന്നത്.

നിമിഷാർധം ശങ്കിക്കാതെ വെങ്കടേശൻ ഉടുത്ത മുണ്ടഴിച്ച് ശിങ്കത്തിന്റെ മുഖത്തെറിഞ്ഞു കോണി കയറി.

കൗപീനവും ഷർട്ട്കോട്ടും തലപ്പാവും ധരിച്ചു തന്റെ മുന്നിൽ നിൽക്കുന്ന വെങ്കടേശനെ നോക്കി, താഴെ പട്ടിയുടെ ഉഗ്രമായ കുര ശ്രദ്ധിച്ചു പത്രസ്വാമി ഒരു നിമിഷം നിന്താൻ.

പിന്നീട് രണ്ടുപേരും താഴെയിറങ്ങി.

വെങ്കടേശന്റെ വസ്ത്രം പട്ടി ഇഞ്ചിഞ്ചായി കടിച്ചു നുറുക്കിയിടുകയാണ്.

പട്ടിയെയും മറ്റേ വിശ്വസ്തനെയും മാറിമാറി നോക്കി പത്രസ്വാമി ചോദിച്ചു:

"ഉനക്ക് എന്ന വേണം?"

വെങ്കടേശൻ പറഞ്ഞു:

"ചീഫ് റിപ്പോർട്ടറാകണം."



"പ്രത്യുൽപന്നമതിയും കൊതിയനുമായ ഉനക്ക് അത് റൊമ്പം ചിന്നപോസ്റ്റ്. വേറെന്നാ വേണം?"

"നീങ്കൾ കല്പിച്ചാൽ മതി."

പത്രസ്വാമി ഉത്തരവായി:

"ഇന്ത നിമിഷം മുതൽ ശെത്തുംപോകുംവരെക്കും നീ നമ്മ പത്രത്തോട് റസിഡണ്ട് എഡിറ്റർ."

**50 കഥകൾ**

**(വി.കെ.എൻ.)**

"അടിയന്തിരമാ ചീഫ്റിപ്പോർട്ടറായി പ്രമോഷൻ വേണം. ഇല്ലെന്നാൽ രാജിവയ്ക്കുന്നു. മന്ദിക്കണം."
മാധ്യമപ്രവർത്തകനായ വെങ്കടേശ അയ്യങ്കാരെ ഈ നിലപാടിലേക്ക് എത്തിച്ച സാഹചര്യമെന്തായിരുന്നു? കണ്ടെത്തി **കുറിപ്പ് തയ്യാറാക്കുക.**

"ഇന്ത നിമിഷം മുതൽ ശെത്തുംപോകുംവരെക്കും നീ നമ്മ പത്രത്തോട് റസിഡണ്ട് എഡിറ്റർ." ഫലിതവും ആക്ഷേപഹാസ്യവും ആവിഷ്കരിക്കാൻ ഈ വരികൾ എത്രത്തോളം പര്യാപ്തമാണ്?
നിങ്ങൾ പരിചയപ്പെട്ട, വി. കെ. എൻ.ന്റെ മറ്റു കഥകൾകൂടി പരിഗണിച്ച് 'വി.കെ.എൻ. കൃതികളിലെ ഹാസ്യം' എന്ന വിഷയത്തിൽ **ഉപന്യാസം തയ്യാറാക്കുക.**

"പത്രങ്ങളുടെ അധ്യാപനശക്തിയെപ്പറ്റി പറയുമ്പോൾ അതിലെ ഭാഷയെയും ഗണിക്കേണ്ടിവരുന്നു. മറ്റനേകം കൃത്യങ്ങളെ സാധിക്കുന്ന കൂട്ടത്തിൽ ഭാഷാപരിഷ്കാരവും പത്രങ്ങളുടെ കടമയിൽപ്പെട്ടിരിക്കുന്നു എന്നത് തർക്കമറ്റ സംഗതിയാകുന്നു."

വൃത്താന്തപത്രപ്രവർത്തനം
(സ്വദേശാഭിമാനി രാമകൃഷ്ണപിള്ള)

ഈ അഭിപ്രായം ഇക്കാലത്തും പ്രസക്തമാണോ? **പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.**

- പത്രസ്വാമി ഉത്തരവായി
- പിന്നെ രണ്ടുപേരും താഴെയിറങ്ങി.

  - പത്രസ്വാമി ഉത്തരവ് ആയി.
  - പിന്നെ രണ്ടുപേരും താഴെ ഇറങ്ങി.

അടിവരയിട്ട പദങ്ങൾ സന്ധിചെയ്തും അല്ലാതെയും എഴുതിയിരിക്കുന്നത് ശ്രദ്ധിച്ചല്ലോ. ചേർത്തെഴുതിയപ്പോഴുണ്ടായ പ്രത്യേകതകൾ എന്തെല്ലാം? **വിശദമാക്കുക.**

അരക്കോളം, കവർ ചെയ്തു - തുടങ്ങിയവ മാധ്യമപ്രവർത്തനവുമായി ബന്ധപ്പെട്ട സാങ്കേതികപദങ്ങളാണ്. ഇത്തരത്തിലുള്ള കൂടുതൽ പദങ്ങൾ കണ്ടെത്തി **പട്ടികപ്പെടുത്തുക.**

"വെങ്കടേശന്റെ ഭാഗ്യത്തിന് അധികം താമസിയാതെ ശാസ്ത്രിജി നഗരത്തിൽ വന്നു. അതൊരവസരമായിരുന്നു. എ ഗ്രെയ്റ്റ് ഒക്കേഷൻ. ഇന്ത്യാ പ്രധാനമന്ത്രിയെ ലാൽ-ബഹാദൂർശാസ്ത്രികൾ എന്നു വിശേഷിപ്പിച്ച് അയ്യങ്കാർ അദ്ദേഹത്തിന്റെ പരിപാടികൾ 'കവർ' ചെയ്തു."

റസിഡന്റ് എഡിറ്റർ (വി.കെ.എൻ.)

"രാവിലെ വന്ന പത്രത്തിലെ വാർത്ത വിശ്വസിക്കാമെങ്കിൽ ഇനിയുള്ള കാലം കാക്കയ്ക്ക് കുയിലും കുയിലിന് കാക്കയുമാകാൻ സാധിക്കും."

വിവർത്തനം (എം. മുകുന്ദൻ)

രണ്ടു കഥകളിലും മാധ്യമലോകത്തെ വ്യത്യസ്ത വീക്ഷണങ്ങളിൽ അവതരിപ്പിച്ചിരിക്കുകയാണല്ലോ. ഇതോടൊപ്പം മറ്റു വ്യത്യസ്ത വാർത്തകൾ കൂടി പരിഗണിച്ച് 'മാധ്യമങ്ങളിൽ വിളയുന്ന ലോകം' എന്ന വിഷയത്തിൽ **പാനൽ ചർച്ച സംഘടിപ്പിക്കുക.**